വികസന അതോറിറ്റികൾ നൽകിയിരുന്ന ഭവന നിർമ്മാണ വായ്പ തുകയുടെ തിരിച്ചടവ്

58 (239) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർത്തലാക്കിയ വികസന അതോറിറ്റികൾ നൽകിയിരുന്ന ഭവന നിർമ്മാണ വായ്പ തുകയുടെ തിരിച്ചടവ് തുക സ്വീകരിക്കുന്നതിന് പകരം സംവിധാനം ഏർപ്പെടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇതുസംബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) പല തദ്ദേശസ്ഥാപനങ്ങളും ഈ ഇനത്തിലുള്ള തുക സ്വീകരിക്കുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(എഫ്) വികസന അതോറിറ്റികൾ നിർത്തലാക്കിയതിനു ശേഷം കുടിശ്ശികയായിട്ടുള്ള തുകയ്ക്ക് പലിശയും പിഴപലിശയും ഒഴിവാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഇതുസംബന്ധിച്ചിട്ടുള്ള സർക്കാർ നിർദ്ദേശം അടങ്ങിയ 22267/ജി2/2000/എൽ.എസ്.ജി.ഡി. തീയതി 28-6-2000 എന്ന കത്തിന്റെ പകർപ്പ് വയ്ക്കുന്നു.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) തിരിച്ചടവ് തുക സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ബദൽ സംവിധാനം ഏർപ്പെടുത്താതിരുന്ന കാലയളവിലേക്കുള്ള പലിശയും പിഴപ്പലിശയും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

തൊഴിൽ കരത്തിൽ വരുത്തിയിട്ടുള്ള വർദ്ധനവ്

59 (240) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. കെ. മണി :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005 വർഷത്തിൽ തൊഴിൽ കരത്തിൽ വർദ്ധന വരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എത്ര വർദ്ധനവ് വരുത്തിയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വർഷത്തിൽ തൊഴിൽ കരത്തിൽ വർദ്ധന വരുത്താനുള്ള കാരണമെന്ത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) 30-4-2005-ലെ സ.ഉ.(പി)125/2005/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള 2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം തൊഴിൽ നികുതി സ്ലാബ് 14-ൽ നിന്നും 8 ആയി നിജപ്പെടുത്തിയതനുസരിച്ച് തൊഴിൽ നികുതിയിൽ വ്യത്യാസമുണ്ടായിട്ടുണ്ട്. ഇതനുസരിച്ച് തൊഴിൽ നികുതിയിൽ വർദ്ധനവും കുറവും ഉണ്ടായിട്ടുണ്ട്. പഴയ നിരക്കിൽ 48,000 രൂപ മുതൽ 72,000 രൂപ വരെയുള്ള സ്ലാബിന് 500 രൂപ നികുതി നൽകേണ്ടിയിരുന്നു. എന്നാൽ പുതിയ ചട്ടത്തിൽ ചേർത്തിട്ടുള്ള സ്ലാബ് 45,000 മുതൽ 59,999 വരെ 450 രൂപ നികുതി നൽകിയാൽ മതിയാകുന്നതാണ്. മറ്റു സ്ലാബുകളിൽ താരതമ്യേന വർദ്ധനവാണുണ്ടായിട്ടുള്ളത്.

(സി) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 245-ാം വകുപ്പുപ്രകാരം തൊഴിൽ നികുതി ചുമത്തുന്നതിന് കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ പുറപ്പെടുവിക്കേണ്ടതുണ്ടായിരുന്നു. നഗരഗ്രാമ വ്യത്യാസമില്ലാതെ തൊഴിൽ നികുതി ഏകീകരിച്ച് നടപ്പാക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും തൊഴിൽ നികുതി ഈടാക്കാവുന്ന ഏറ്റവും കുറഞ്ഞ അർദ്ധ വാർഷിക വരുമാനം 12,000 രൂപയായി നിജപ്പെടുത്തുന്നതിനും അതനുസരിച്ച് പുതുക്കിയ തൊഴിൽ നികുതി നിരക്കുകൾ പുറപ്പെടുവിക്കുന്നതിനും തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങൾ തയ്യാറാക്കിയപ്പോൾ സ്ലാബുകൾ പുനർനിർണ്ണയിച്ചതിന്റെ അടിസ്ഥാനത്തിലാണ് വർദ്ധനവും കുറവും വന്നിട്ടുള്ളത്.

നഗരസഭാ വൈസ് ചെയർമാൻമാരുടെ സത്യപ്രതിജ്ഞ

60 (241) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭകളിലെ വൈസ് ചെയർമാൻ സത്യപ്രതിജ്ഞ ചെയ്യുന്നതു സംബന്ധിച്ച് സംസ്ഥാന ഇലക്ഷൻ കമ്മീഷൻ എന്തെങ്കിലും മാർഗ്ഗനിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ അതെന്തെന്ന് വിശദീകരിക്കുമോ ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള മുനിസിപ്പാലിറ്റി നിയമത്തിന്റെ ഏത് വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന ഇലക്ഷൻ കമ്മീഷൻ ഈ മാർഗ്ഗനിർദ്ദേശം നല്കിയതെന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാന ഇലക്ഷൻ കമ്മീഷന് മുനിസിപ്പാലിറ്റീസ് ആക്ടിൽ വ്യവസ്ഥ ചെയ്യാത്ത കാര്യങ്ങളെപ്പറ്റി മാർഗ്ഗനിർദ്ദേശം കൊടുക്കുവാനുള്ള അധികാരം ഉണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly